## പതിമൂന്നാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3413 16/12/2015 ൽ മറുപടിയ്ക്ക്.

### കേരള പഞ്ചായത്ത് ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് ഓഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ : | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) കേരള പഞ്ചായത്ത് ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് ഓഫീസിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ വരി സംഖ്യ ക്രഡിറ്റ് ചെയ്യപ്പെടാതെ വന്നതായ പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (ബി) ഉണ്ട്;ഐ.കെ.എം വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയറില്ലുണ്ടായ അപാകതമൂലമാണ് ഇത് സംഭവിച്ചിട്ടുള്ളത്. ടി അപാകത പരിഹരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ തലത്തിൽ ഐ.കെ.എം ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ശരിയായ അക്കൗണ്ട് നമ്പർ രേഖപ്പെടുത്താത്തതും ട്രഷറിയിൽ ഒടുക്കുന്ന ചെലാനുകളിൽ ശരിയായ ഹെഡ് ഓഫ് അക്കൗണ്ട് രേഖപ്പെടുത്താത്തതും മിസ്സിംഗ് ക്രെഡിറ്റുകൾക്ക് കാരണമാകാറുണ്ട്. |
| (സി) പ്രസ്തുത തുക കെ.പി.ഇ. പി.എഫ്. അക്കൗണ്ടിൽ വകയിരുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ; | (സി) 2015-16 വർഷം മുതൽ ഓൺലൈൻ സംവിധാനം നിലവിൽ വന്നതിനാൽ ഐ.കെ.എം സോഫ്റ്റ് വെയറിൽ വേണ്ടുന്ന വിവരങ്ങൾ ഉൾക്കൊള്ളിച്ച് സോഫ്റ്റ് വെയറിലെ അപാകതകൾ ഐ.കെ.എം പരിഹരിച്ചു. |

| | | | |
|---|---|---|---|
| | | | മിസ്സിംഗ് ക്രഡിറ്റ് സംബന്ധിച്ച പരാതികൾ പൂർണ്ണമായും പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | ഇതിന്റെ. പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇൻഫർമേഷൻ കേരള മിഷൻ എന്തെങ്കിലും സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ടോ;എങ്കിൽ അത് കെ.പി. ഇ.പി.എഫ്. ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ടോ; ഈ സോഫ്റ്റ് വെയറിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ഡി) | സ്ഥാപന കെ.പി.ഇ.പി.എഫ്. എന്ന ആപ്ലിക്കേഷൻ ഐ.കെ.എം വഴി പ്രാവർത്തികമാക്കി കെ.പി.ഇ.പി.എഫ് ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്. കെ.പി.ഇ.പി.എഫ്.———— ലെ ജോലികൾ ഓൺലൈൻ ആക്കുകയാണ് ഈ സോഫ്റ്റ് വെയറിന്റെ ലക്ഷ്യം. |
| (ഇ) | ഇത്തരം പരാതികൾ പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ഇ) | ഐ.കെ.എം വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയറിലെ അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ